**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **02-02-2024 - ൽ മറുപടിയ്ക്ക്**

**സമഗ്ര പേവിഷ നിയന്ത്രണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്ന സമഗ്ര പേവിഷ നിയന്ത്രണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വച്ചിട്ടുള്ള പ്രദേശങ്ങളിൽ 2022 സെപ്റ്റംബർ ഒന്ന് മുതൽ തെരുവ് നായ്ക്കളിൽ പേവിഷ പ്രതിരോധ കുത്തിവെയ്പ് ഒന്നാം ഘട്ടം ആരംഭിച്ചു.<br><br>രണ്ടാം ഘട്ടം 2023 സെപ്റ്റംബർ മുതൽ ആരംഭിച്ചു. മൂന്നാം ഘട്ടം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയ്ക്കാവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് നൽകി വരുന്നു. 2023 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പോർട്ടലിൽ ലഭ്യമായ കണക്കനുസരിച്ച് 3,10,180 വളർത്തു നായ്ക്കളെയും 38,114 തെരുവുനായ്ക്കളെയും വാക്സിനേറ്റ് ചെയ്തിട്ടുണ്ട്.<br><br>പദ്ധതി നിർവഹണത്തിനായി RFKVC Certificate ചാർജ്ജ്സ് ആയി സമാഹരിക്കുന്ന തുകയിൽ നിന്നും **25/03/22 മുതൽ 21/10/23 വരെ 1,72,08,501/- രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.** ആയവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| **Date** | **Extended Amount** | **Remarks** |
|---|---|---|
| 25.03.22 | 10,92,528 | Purchase of Needle |
| 04.06.22 | 49,86,935 | Vaccine |
| 06.06.22 | 1,83,627 | Logistics |
| 05.07.22 | 30,217,27 | Logistics |
| 31.12.22 | 36,54,000 | Vaccine |
| 08.02.23 | 1,58,934 | Logistics |
| 21.10.23 | 41,10,750 | Vaccine |
| **TOTAL - 1,72,08,501** | | |

| | | | |
|---|---|---|---|
| (ബി) | സമഗ്ര പേവിഷ നിയന്ത്രണ പദ്ധതിയുടെ നിലവിലുള്ള | (ബി) | ഉണ്ട്. |

<table>
<tr>
<td></td>
<td>നടപടിക്രമങ്ങൾ വിശദമാക്കുമോ; ഇത് കൃത്യമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; അതിനായുള്ള ഫണ്ട് കൃത്യമായി അനുവദിച്ചിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് സമഗ്ര പേവിഷ നിയന്ത്രണ പദ്ധതിക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;</td>
<td></td>
<td>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വച്ചിട്ടുള്ള പ്രദേശങ്ങളിൽ 2022 സെപ്റ്റംബർ ഒന്നു മുതൽ തെരുവ് നായ്ക്കളിൽ പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് ഒന്നാം ഘട്ടം ആരംഭിച്ചു.<br><br>രണ്ടാം ഘട്ടം 2023 സെപ്റ്റംബർ മുതൽ ആരംഭിച്ചു. മൂന്നാം ഘട്ടം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിക്കാവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് നൽകി വരുന്നു. 2023 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പോർട്ടലിൽ ലഭ്യമായ കണക്കനുസരിച്ച് 3,10,180 വളർത്തു നായ്ക്കളെയും 38,114 തെരുവുനായ്ക്കളെയും വാക്സിനേറ്റ് ചെയ്തിട്ടുണ്ട്.<br><br>പദ്ധതി നിർവഹണത്തിനായി RFKVC Certificate ചാർജ്ജസ് ആയി സമാഹരിക്കുന്ന തുകയിൽ നിന്നും 25/03/22 മുതൽ 21/10/23 വരെ 1,72,08,501/- രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ആയവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>Date</th><th>Extended Amount</th><th>Remarks</th></tr>
<tr><td>25.03.22</td><td>10,92,528</td><td>Purchase of Needle</td></tr>
<tr><td>04.06.22</td><td>49,86,935</td><td>Vaccine</td></tr>
<tr><td>06.06.22</td><td>1,83,627</td><td>Logistics</td></tr>
<tr><td>05.07.22</td><td>30,217,27</td><td>Logistics</td></tr>
<tr><td>31.12.22</td><td>36,54,000</td><td>Vaccine</td></tr>
<tr><td>08.02.23</td><td>1,58,934</td><td>Logistics</td></tr>
<tr><td>21.10.23</td><td>41,10,750</td><td>Vaccine</td></tr>
<tr><td colspan="3">TOTAL - 1,72,08,501</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>നിലവിലുള്ള സമഗ്ര പേവിഷ നിയന്ത്രണ പദ്ധതിയുടെ നടപടിക്രമങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;</td>
<td>(സി)</td>
<td>ഉണ്ട്. സമഗ്ര പേവിഷ പ്രതിരോധ പദ്ധതി മൂന്നാം ഘട്ടം ആരംഭിക്കുന്നതിനു മുന്നോടിയായി നടപടികൾ പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ടി മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് സമഗ്ര പേവിഷ പ്രതിരോധ പദ്ധതിയിൽ പ്രവർത്തിക്കുന്ന മിഷൻ റാബീസിലെ പ്രോജക്ട് മാനേജർ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എന്നിവരുമായി പ്രാഥമിക ഘട്ട ചർച്ചകൾ നടന്നു വരുന്നു.</td>
</tr>
<tr>
<td>(ഡി)</td>
<td>തെരുവുനായകൾക്കും വളർത്തുനായകൾക്കുമുള്ള പേവിഷ പ്രതിരോധ കുത്തിവയ്പ്പ് ഫലപ്രദമാകണമെങ്കിൽ വർഷം മുഴുവൻ പ്രതിരോധ കുത്തിവയ്പ്പിന് സംവിധാനമുണ്ടാകണം എന്നതിനാൽ ഇതിനുള്ള നടപടികൾ സ്വീകരിക്കാമോ?</td>
<td>(ഡി)</td>
<td>നിലവിൽ കേരളത്തിലെ എല്ലാ മൃഗാശുപത്രികളിലും പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ വർഷം മുഴുവനും ലഭ്യമാണ്. ജില്ലകളിൽ നിന്നും ലഭിക്കുന്ന ആവശ്യകത അനുസരിച്ച്, വർഷംതോറും വാക്സിൻ പർച്ചേസ് ചെയ്ത്, ജില്ലകൾക്ക് നൽകുന്നു. ഇത്തരത്തിൽ ഈ സാമ്പത്തികവർഷം 9.9 ലക്ഷം ഡോസ് വാക്സിൻ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | ജില്ലകളിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് അത് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 4.5 ലക്ഷം ഡോസ് ഇതിനകം വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട് ബാക്കിയുള്ള 5.4 ലക്ഷം വാക്സിന്റെ പർച്ചേസ് നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ